LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 24, വ്യാഴം

വാല്യം 108] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 1999 ജൂൺ മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ...

1 (*91) തോട്ടം തൊഴിലാളികൾക്ക് ക്ഷേമപദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തോട്ടം തൊഴിലാളികൾക്കായി ക്ഷേമപദ്ധതി ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രധാന തോട്ടവിളകളായ റബ്ബർ, തേയില, ഏലം എന്നിവയുടെ വിലത്തകർച്ച, ജോലിയില്ലായ്മ, കുറഞ്ഞ കൂലി എന്നിവ പരിഗണിച്ച് പ്രസ്തുത മേഖലയിൽ പണി എടുക്കുന്നവർക്കായി ക്ഷേമപദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ തോട്ടം മേഖലയിൽ തൊഴിൽ ചെയ്യുന്നവർക്ക് ക്ഷേമപദ്ധതി ഏർപ്പെടുത്തുന്നതിന് ഇന്നുള്ള തടസ്സങ്ങൾ എന്തെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇക്കാര്യത്തിൽ പ്ലാന്റേഷൻ ലേബർ നിയമ ഭേദഗതി ആവശ്യമെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത നിയമഭേദഗതി നടപ്പിൽ വരുത്താൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) ചെറുകിട തോട്ടംതൊഴിലാളികൾക്കായി ക്ഷേമപദ്ധതി ആവിഷ്കരിക്കുന്നതിനായി നിയമവകുപ്പ് തയ്യാറാക്കിയ കരട്ബിൽ ധനകാര്യ വകുപ്പിന്റെ സമ്മതത്തോടെ മന്ത്രിസഭ 18-06-99-ൽ അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പുസമ്മേളനത്തിൽത്തന്നെ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്.

(സി) ഇപ്പോൾ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്തെ തോട്ടംമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ ഏകദേശം 1.2 ലക്ഷത്തോളം തൊഴിലാളികൾ 1951-ലെ പ്ലാന്റേഷൻ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നവരാണ്. ആയതിനാൽ അവർ പ്രസ്തുത നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹരാണ്. കൂടാതെ 1972-ലെ ഗ്രാറ്റുവിറ്റി നിയമവും, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടും ഇവർക്ക് ബാധകമാണ്. 1952-ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (മിസലേനിയസ് പ്രൊവിഷൻസ്) നിയമം ഇരുപതോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന തോട്ടങ്ങൾക്ക് ബാധകമാണ്. ഇ.പി.എഫ്. സ്കീം പ്രകാരം ഈ തൊഴിലാളികൾക്ക് പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ട്. എന്നാൽ, ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന 1.8 ലക്ഷത്തോളം തൊഴിലാളികൾക്ക് മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭ്യമല്ല. തോട്ടം തൊഴിലാളികൾക്ക് മൊത്തത്തിൽ ഒരു ക്ഷേമനിധി ഏർപ്പെടുത്തുകയാണെങ്കിൽ ആദ്യം പരാമർശിച്ച വിഭാഗങ്ങൾക്ക് ഇരട്ട ആനുകൂല്യങ്ങൾ ലഭ്യമാകും. അത് ഒഴിവാക്കാനാണ് ചെറുകിട തോട്ടംതൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നത്.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ചെറുകിട തോട്ടം എന്നു പറഞ്ഞാൽ രണ്ട് ഹെക്ടറിൽ താഴെയുള്ളവർക്ക് ഈ നിയമമൊന്നും ബാധകമല്ല. കേരളത്തിൽ ഇങ്ങനെയുള്ള തോട്ടം തൊഴിലാളികളാണ് എണ്ണത്തിൽ കൂടുതലുള്ളത്. മാത്രമല്ല ഇപ്പോൾ പല തോട്ടങ്ങളും ചില ഉൽപ്പന്നങ്ങളുടെ വിലക്കുറവുമൂലം പൂട്ടിപ്പോകുന്നു. അങ്ങനെയുള്ള തൊഴിലാളികൾക്ക് ഈ ക്ഷേമനിധി ബാധകമാകുമോ ഇല്ലയോ എന്നുള്ളതു വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ ക്ഷേമനിധി ബാധകമാകുന്നത് ഒരു ഹെക്ടർ മുതൽ 5 ഹെക്ടറിന് താഴെവരെയുള്ള തോട്ടങ്ങളിലെ എല്ലാ തൊഴിലാളികൾക്കുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ : ഇതിന്റെ കണക്ക് ശേഖരിക്കുന്നത് ആരാണ്? ഈ കണക്ക് ശേഖരിക്കുന്നത് ശരിയല്ല. 1.8 ലക്ഷം എന്നാണ് പറയുന്നത്. കേരളത്തിൽ ഏതാണ്ട് 5 ലക്ഷത്തോളം വരുന്ന ചെറുകിട തോട്ടങ്ങളിലെ ഒരു ഹെക്ടർ വരെയുള്ളതിൽ പണിയെടുക്കുന്നവരുണ്ട്. അവർക്കുകൂടി ബാധക മാക്കാൻ ഗവണ്മെന്റിന് എന്താണ് ചെയ്യാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കണക്ക് ശേഖരിക്കുന്നത് ലേബർ ഡിപ്പാർട്ടുമെന്റാണ്. മൊത്തം ശേഖരിച്ചിട്ട് ലഭ്യമായ കണക്കുകളിൽനിന്നാണ്; 5 ഹെക്ടറിൽ താഴെയുള്ള പ്ലാന്റേഷനുകളിൽ ജോലിചെയ്യുന്നവർ 1.8 ലക്ഷവും അതിനു മുകളിലുള്ള പ്ലാന്റേഷനിൽ ജോലിചെയ്യുന്നവരുടെ എണ്ണം 1.2 ലക്ഷവും എന്ന കണക്കാണ് നിലവിലുള്ളത്. ഇത് പരിശോധിക്കുന്ന അവ സരത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കൂടുതൽ തൊഴിലാളികളുണ്ടെങ്കിൽ ഇനി എടുക്കുന്ന കണക്കിൽ ഉൾപ്പെടുത്താൻ കഴി യുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

ശ്രീ. ടി.കെ. ബാലൻ : സർക്കാർ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിൽ ഏതെല്ലാം വിഭാഗത്തിലുള്ള പ്ലാന്റേഷൻസാണ് ഉൾപ്പെടുത്താൻ ഉദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോഴുള്ള തോട്ടംതൊഴിലാളികൾക്ക് നിയമത്തിന്റെ സംരക്ഷണമുള്ളത് 5 ഹെക്ടറിൽ കൂടുതലുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്നവർക്കാണ്. എന്നാൽ, ഒരു ഹെക്ടർ മുതൽ 5 ഹെക്ടറിന് താഴെയുള്ള കാപ്പി, ഏലം, തേയില, റബ്ബർ, ഓയിൽ പാം, കൊക്കോ എന്നീ തോട്ടങ്ങളാണ് ഉൾപ്പെടുന്നത്.

ശ്രീ. ടി.കെ. ബാലൻ : തൊഴിലാളികൾക്ക് ആനുകൂല്യങ്ങളെല്ലാം ലഭി ക്കാൻവേണ്ടിയുള്ള നിയമനിർമ്മാണം വരുന്നതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തോട്ടങ്ങൾ ബൈഫർക്കേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. മുറിച്ച് വില്പന നടത്തുന്നു. അത് തടയാൻവേണ്ടി ഫലപ്രദമായ എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ സമ്മേളനത്തിൽ തന്നെ ഇത് പാസ്സാക്കണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ഈ നിയമം പാസ്സാക്കി യതിനുശേഷം അങ്ങനെ എന്തെങ്കിലും നടപടികളുണ്ടെങ്കിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്നുള്ളതിനെസംബന്ധിച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. പി. വിശ്വൻ : പ്ലാന്റേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്ത കാപ്പിത്തോട്ടങ്ങളിലെ തൊഴിലാളികളെപ്പോലുള്ള തൊഴിലാളികൾക്കുവേണ്ടി യുള്ള ഒരു പുതിയ ക്ഷേമനിധി പദ്ധതിയെക്കുറിച്ചാണ് പറയുന്നത്. ഈ പരി ധിയിൽ വരുന്ന തൊഴിലാളികൾക്ക് ഇന്ന് പദ്ധതികളുണ്ട്. പക്ഷേ, അവർക്ക് പെൻഷൻ പദ്ധതികൾ ഇന്ന് നിലവിലുണ്ടോ? അവർക്ക് പെൻഷൻ പദ്ധതികൾ കൊടുക്കാനുള്ള പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്യുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : 5 ഹെക്ടറിന് മുകളിലുള്ള തൊഴിലാ ളികൾക്ക് ഇന്ന് നിലവിലിരിക്കുന്ന നിയമപ്രകാരവും 1951-ൽ പാസ്സാക്കിയി ട്ടുള്ള നിയമപ്രകാരവും അതുപോലെ തന്നെ മെറ്റേണിറ്റി ആക്ടിന്റെ പരിധി, തുടങ്ങിയവ ഇന്ന് നിലവിലിരിക്കുന്ന, തോട്ടംതൊഴിലാളികൾക്ക് ലഭിക്കുന്ന നിലവിലുള്ള, നിയമങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ ലഭിക്കു ന്നുണ്ട്. പെൻഷൻ വിഭാഗത്തിലുള്ള തോട്ടംതൊഴിലാളികൾക്ക് ഇല്ല. എന്നാൽ, 5 ഹെക്ടറിന് താഴെയുള്ള തൊഴിലാളികളെയാണ് ഈ പരിധിയിൽക്കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള നിയമ നടപടികളാണ് ഗവണ്മെന്റ് സ്വീകരിക്കാൻ പോകുന്നത്.

ശ്രീ. പി. വിശ്വൻ : 5 ഹെക്ടറിന് താഴെയുള്ള തോട്ടംതൊഴിലാളികൾക്കൊപ്പം ആ തോട്ടങ്ങൾ മുറിച്ച് ചെറിയ ചെറിയ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളേയും അതിൽ വരുന്ന കർഷകത്തൊഴിലാളികളേയും അതിന്റെ പരിധിയിൽക്കൊണ്ടുവരുന്നുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ക്ഷേമനിധിയിൽ പാസ്സാകുന്ന അവസരത്തിൽ ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന കാർഷിക ജോലി ചെയ്യുന്ന തൊഴിലാളികളെ അതിൽ ഉൾപ്പെടുത്തണമോ വേണ്ടയോയെന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് പരിശോധിക്കാവുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : പ്ലാന്റേഷൻ നിയമത്തിൽ കാലോചിതമായ ഭേദഗതി വരുത്താനുള്ള ഒരു ബിൽ കേന്ദ്രഗവണ്മെന്റ് 8 വർഷം മുമ്പ് അവതരിപ്പിച്ചു. ആ ബിൽ പാസ്സാക്കിയിട്ടില്ല. അതുകൊണ്ട് തൊഴിലാളികൾ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നു. ആ ബിൽ ഭേദഗതികളോടുകൂടി പാസ്സാക്കുന്നതിന് കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ആ ബിൽ എന്താണെന്ന്, ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ പരിശോധിക്കാവുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമപദ്ധതികളെസംബന്ധിച്ച് പറഞ്ഞു. അവരുടെ ‹സേവന-വേതന വ്യവസ്ഥകളെസംബന്ധിച്ച് ഇപ്പോൾ ഒരു തീരുമാനം നിലവിലില്ല. അത് ഉറപ്പു വരുത്തുന്നതിന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുമോ? അല്ലെങ്കിൽ പ്രത്യേകമായ തീരുമാനങ്ങളുണ്ടായേക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇന്ന് തോട്ടംതൊഴിലാളികൾ 1951-ലെ പ്ലാന്റേഷൻ നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹരാണ്. അവർക്ക് പ്രസ്തുത നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും, കൂടാതെ ഗ്രാറ്റുവിറ്റി നിയമം, മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, ഇരുപതോ അതിലധികമോ ആളുകൾ ജോലിചെയ്യുന്ന തോട്ടങ്ങളിൽ പണിയെടുക്കുന്നവർക്ക് ജി. പി.എഫ്. സ്കീം തുടങ്ങിയ പ്രകാരമുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

ശ്രീ. രാജു എബ്രഹാം : ഇപ്പോഴത്തെ അവസ്ഥയിൽ തോട്ടങ്ങളിലെ ഒത്തുതീർപ്പു സംഭാഷണങ്ങൾ പരാജയപ്പെട്ടാൽ തോട്ടങ്ങൾ ലോക്കൗട്ട് ചെയ്യുന്ന ഒരു പതിവുണ്ട്. അങ്ങനെ ലോക്കൗട്ട് ചെയ്താൽ അത്തരം തോട്ടങ്ങൾ ഗവണ്മെന്റ് തലത്തിലോ അല്ലെങ്കിൽ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിലോ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇതുവരെ അങ്ങനെയൊരു നിയമ നിർമ്മാണത്തെക്കുറിച്ച് ആലോചിച്ചിട്ടില്ല.

ശ്രീ. രാജു എബ്രഹാം : ഇപ്പോൾ വൻകിട തോട്ടങ്ങളിലെ തൊഴിലാളികൾക്ക് കുറച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. പക്ഷേ ആ ആനുകൂല്യങ്ങളിൽപ്പോലും വേണ്ടവിധത്തിലുള്ള സജ്ജീകരണങ്ങൾ തൊഴിലാളികൾക്ക് ഉണ്ടാക്കിക്കൊടുത്തിട്ടില്ല. ഉദാഹരണത്തിന് അവരുടെ ലയങ്ങളിൽ വൈദ്യുതി എത്തിക്കുകയോ, കുട്ടികളെ പഠിപ്പിക്കാനുള്ള പ്രാഥമികമായ സൗകര്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളേർപ്പെടുത്തുകയോ മതിയായ അളവിൽ ചെയ്തിട്ടില്ല. അത്തരം അപര്യാപ്ത തകളുള്ള തോട്ടങ്ങളിൽ, ചെറുകിട തോട്ടംതൊഴിലാളികളുടെ താമസസ്ഥല ങ്ങളിൽ, അത്തരം സൗകര്യങ്ങളേർപ്പെടുത്തുന്നതിന് ആവശ്യമായ വ്യവസ്ഥ കൾ പുതിയ നിയമത്തിൽ ഉൾക്കൊള്ളിക്കുവാൻ ഗവണ്മെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇവിടെ ചെറുകിട തോട്ടംതൊഴിലാളി കളുടെ ക്ഷേമപദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരിക്കു ന്നത്. തോട്ടംതൊഴിലാളി മേഖലയിലെ യൂണിയനുകളും മാനേജുമെന്റും തമ്മിലുള്ള കരാറുകൾ കാലാകാലങ്ങളിൽ നടപ്പിലാക്കുന്നതിനെ സംബന്ധി ച്ചാണ് നമ്മൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങനെയുണ്ടാക്കിയി ട്ടുള്ള കരാറുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ് തൊഴിലാളികളുടെ വീട് നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ. ഇവയെ സംബന്ധിച്ച് പ്ലാന്റേ ഷൻ ലേബർ കമ്മിറ്റിയാണ് ചർച്ചയും തീരുമാനവും എടുക്കേണ്ടത്. ഈ അടു ത്തകാലത്ത് പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി.എൽ.സി.)യിൽ, വീടുകളുടെ ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ കരാർ ലംഘനമുണ്ടായിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിലാണ് തൊഴിലാളി യൂണി യനുകളുടെ പരാതി വീടുകളുടെ ഇലക്ട്രിഫിക്കേഷന്റെ കാര്യത്തിൽ ലഭിച്ചിട്ടു ള്ളത്. ആ പരാതിയുടെ അടിസ്ഥാനത്തിൽ അക്കാര്യം പ്രത്യേകം പരിശോധി ക്കുന്നതിനായി ലേബർ കമ്മിഷണർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഇവിടെ ചെറുകിട തോട്ടംതൊഴിലാളിക ളുടെ ക്ഷേമനിധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമല്ലാത്ത ചെറുകിട തോട്ട ങ്ങളുണ്ട്. ആ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് നമ്മുടെ കർഷകത്തൊഴിലാ ളികൾക്കു നൽകുന്നതുപോലുള്ള കർഷകത്തൊഴിലാളി പെൻഷൻ നല്കാ നുള്ള വ്യവസ്ഥയുണ്ടോ? എന്റെ അഭിപ്രായത്തിൽ അക്കാര്യം ഞാൻ മുമ്പ് ലേബർ മിനിസ്റ്ററായിരുന്ന സമയത്ത്, ഞങ്ങൾ ശ്രീ. ഇ.കെ. നായനാരുടെ കൂടെയുണ്ടായിരുന്ന സന്ദർഭത്തിൽ നടപ്പാക്കിയതാണ്. ഏതായാലും അന്ന് ഞാനാണ് ആ ക്ഷേമനിധി പ്രഖ്യാപിച്ചത്. ശ്രീ. നായനാർ അന്ന് ഞങ്ങളുടെ കൂടെയായിരുന്നു. കർഷകത്തൊഴിലാളികൾക്കുള്ള ആ ക്ഷേമപദ്ധതിയിലെ സ്കീമിൽ പറയുന്നത് പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമല്ലാത്ത തോട്ടപ്ര ദേശങ്ങളെയാണ് കാർഷികമേഖലയായി കണക്കാക്കിയിട്ടുള്ളതെന്നാണ്. അതുകൊണ്ട് അന്ന് ഗവണ്മെന്റ് എടുത്ത സ്റ്റാന്റ് എന്താണെന്നുവച്ചാൽ കർഷ കത്തൊഴിലാളി പെൻഷൻ പ്ലാന്റേഷൻ ലേബർ ആക്ട് ബാധകമാകാത്ത ചെറുകിട-ഒരേക്കർ, രണ്ടേക്കർ, മൂന്നേക്കർ, നാലേക്കർ വരെയുള്ള-തോട്ടങ്ങ ളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് ഈ കർഷകത്തൊഴിലാളി പെൻഷന് അർഹതയുണ്ടെന്നാണ്. ആ പെൻഷൻ സ്കീം ഇപ്പോൾ ഗവണ്മെന്റ് ഈ മേഖലയിലെ തോട്ടംതൊഴിലാളികൾക്ക് നടപ്പാക്കിയിട്ടുണ്ടോ ഇല്ലെ യോയെന്ന് ഒന്നു വെളിപ്പെടുത്തുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇപ്പോൾ ഒരേക്കർ മുതൽ അഞ്ചേ ക്കറിന് താഴെവരെ വിസ്തൃതിയുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴി ലാളികൾക്ക് ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. അതിൽ അവർ കർഷക ത്തൊഴിലാളി ആയാലും ശരി, തോട്ടംതൊഴിലാളി ആയാലും ശരി, പെൻഷ നൊന്നും അവർക്ക് ലഭിക്കുന്നില്ല. അതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ യൊരു നിയമം കൊണ്ടുവരണമെന്ന് ഗവണ്മെന്റുദ്ദേശിച്ചത്. എനിക്ക് തോന്നുന്നു, നമ്മുടെ നിയമസഭയിൽത്തന്നെ ഒരു പ്രമേയം വന്നതിന്റെ അടി

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാനത്തിലാണ് ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻ ഗവണ്മെന്റിനു പ്രേരണയുണ്ടായത്. അതുകൊണ്ട് ഇനി വരുന്ന പുതിയ ക്ഷേമ നിധിയ്ക്കകത്ത് 1-നും 5-നും ഇടയ്ക്ക് വിസ്തൃതിയുള്ള ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക്, അവർക്ക് എല്ലാവിഭാഗം തൊഴിലാളികൾക്കും, ഈ ആനുകൂല്യം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് നമുക്ക് ആലോചിക്കാവുന്നതാണ് എന്നാണ് എനിക്കുപറയാനുള്ളത്.

ശ്രീ. ടി. നാണുമാസ്റ്റർ : ചെറുകിട തോട്ടംതൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ടാക്കുന്ന കാര്യത്തെക്കുറിച്ച് അഷ്വറൻസ് കമ്മിറ്റി തുടങ്ങിയ വിവിധ കമ്മിറ്റികൾ ഗവണ്മെന്റിലേക്ക് ശുപാർശ ചെയ്തതനുസരിച്ച് വൻകിട തോട്ടമുടമകൾ അവരുടെ തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് നിയമപ്രകാരം നൽകേണ്ടതായ ആനുകൂല്യങ്ങൾ നല്കാതെ അവയിൽനിന്നും രക്ഷപ്പെടുന്നതിനായി, ബിനാമിയായി അവരുടെ തോട്ടങ്ങളെ ചെറുകിട തോട്ടങ്ങളാക്കിമാറ്റുന്നതിനായി, അവയുടെ വിസ്തൃതി കുറച്ചു തുണ്ടുതുണ്ടുകളാക്കി മറ്റുള്ളവരുടെ പേരുകളിലാക്കി മാറ്റുന്ന രീതി സംസ്ഥാനത്തുടനീളം കണ്ടുവരുന്നുണ്ട്. ഇതേക്കുറിച്ച് പരിശോധിക്കണമെന്നും അങ്ങനെ ബിനാമികളുടെ പേരുകളിലാക്കി മാറ്റിയിട്ടുള്ള ചെറുകിടതോട്ടങ്ങളിലെ തൊഴിലാളികൾക്ക് അവരുടെ താമസസ്ഥലമായ പാടികളുടെ വികസനം, പാടികളുടെ ഇലക്ട്രിഫിക്കേഷൻ, അവിടത്തെ കുടിവെള്ളപ്രശ്നം ഇവയൊക്കെ പരിഹരിക്കുന്നകാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിയമസഭയുടെ പല കമ്മിറ്റികളും സമർപ്പിച്ചിട്ടുള്ള ശുപാർശകളിൽ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെ നിയമസഭാ സമിതികൾ പറഞ്ഞിട്ടുള്ള ശുപാർശകൾ പരിശോധിക്കുന്നതിനും നടപ്പാക്കുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ ചിലയിടത്ത് എല്ലാ മേഖലകളിലും സഞ്ചരിക്കുന്നതിന് അവർക്ക് വാഹനസൗകര്യം ലഭ്യമല്ലെന്നു പരാതിപ്പെട്ടിട്ടുണ്ട്. ഇക്കാര്യം അവർ സമിതിയുടെ തെളിവെടുപ്പുസമയത്ത് സമിതിയെ അറിയിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് തോട്ടമുടമകൾ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ചെറുകിട തോട്ടങ്ങളിലെ തൊഴിലാളികളുടെ താമസസൗകര്യം വർദ്ധിപ്പിക്കുന്നതിനുംവേണ്ടിയുള്ള സമഗ്രമായ ഒരു നിയമം കൊണ്ടുവരാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെന്ന് കണക്കാക്കുന്നതിൽ തെറ്റുണ്ടോയെന്ന് ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, അഞ്ചു ഹെക്ടറും അതിനുമുകളിലും വിസ്തൃതിയുള്ള എസ്റ്റേറ്റുകൾ, തോട്ടങ്ങൾ തുടങ്ങിയവയുടെ ഉടമകൾ നിയമങ്ങളിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി, അതായത് 1951-ലെയും 1972-ലെയും 1961-ലെയും നിയമങ്ങൾ അവർക്ക് ബാധകമാകാതിരിക്കാൻവേണ്ടി, തീർച്ചയായിട്ടും അവരുടെ അധീനതയിലുള്ള തോട്ടങ്ങളെ ചെറിയ ചെറിയ തുണ്ടുകളാക്കി റെക്കോഡിക്കലായിട്ട് തോട്ടങ്ങളുടെ വിസ്തൃതി കുറച്ച് ബിനാമികളുടെ പേരിലാക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. പക്ഷേ ഇപ്പോൾ നടക്കുന്നത് എന്താണെന്നുവച്ചാൽ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി, ആ നിയമാനുസൃതമായിട്ടുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് കൊടുക്കുന്നതിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി ആണ് വൻകിട തോട്ടമുടമകൾ അവരുടെ പേരിലുള്ള ആ തോട്ടങ്ങളുടെ വിസ്തൃതി കുറച്ചു കുറച്ച് പല ബിനാമികളുടെ പേരിലാക്കി മാറ്റി തോട്ടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇപ്പോൾ എന്തായാലും ഒരു ഹെക്ടർ മുതൽ അഞ്ചു ഹെക്ടർ വരെയുള്ള തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഈ നിയമ

LIBRARY ARCHIVES Kerala Legislative Assembly

ത്തിലെ ആനുകൂല്യങ്ങൾ നൽകേണ്ടിവരുന്നു. ആ ആനുകൂല്യങ്ങൾ തോട്ടംമേഖലയിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടതുകൊണ്ടാണ് ഗവണ്മെന്റ് ഇങ്ങനെയൊരു ക്ഷേമനിധി കൊണ്ടുവരാനുദ്ദേശിച്ചത്. അതിനുവേണ്ട നടപടിയാണ് സ്വീകരിക്കുന്നത്. ആ ക്ഷേമനിധിയെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ അതിനാവശ്യമായ ഭേദഗതികളോ മറ്റു നിർദ്ദേശങ്ങളോ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾകൂടി പരിഗണിക്കാവുന്നതാണ്.

ശ്രീ. എ.കെ. മണി : സർ, നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം വമ്പിച്ച തോതിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ആ വിലക്കയറ്റത്തിനനുസരിച്ച് തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ശമ്പളത്തിൽ വർദ്ധനവുണ്ടായിട്ടില്ല. തോട്ടംതൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചുകൊടുക്കുന്നതിനുവേണ്ട യാതൊരു തീരുമാനവും ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് മൂന്നുകൊല്ലത്തിനിടയിൽ രണ്ടുപ്രാവശ്യം തോട്ടം തൊഴിലാളികൾക്ക് ശമ്പളവർദ്ധനവുണ്ടാക്കി കൊടുത്തു. 2.65-ഉം പിന്നീട് 3-ഉം 5.35-ഉം എന്ന ക്രമത്തിൽ കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത രീതിയിൽ ശമ്പളവർദ്ധനവുണ്ടാക്കിക്കൊടുത്തു. അത് മൂന്നുകൊല്ലത്തേക്കായിരുന്നു പി.എൽ.സി.യുടെ തീരുമാനം. എന്നാൽ ഈ ഗവണ്മെന്റ് അധികാരമേറ്റിട്ട് നാലുകൊല്ലമാകുന്നു. ഇക്കഴിഞ്ഞ നാലുകൊല്ലത്തിനിടയിൽ ഇതുവരെ തോട്ടംമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം വർദ്ധിപ്പിച്ചുകൊടുക്കേണ്ട കാര്യത്തിൽ തീരുമാനമെടുക്കാൻ ഈ ഗവണ്മന്റിന് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് അവരുടെ ശമ്പള വർദ്ധനവ് പുറപ്പെടുവിച്ചുകൊണ്ട് നോട്ടിഫിക്കേഷനുണ്ടായി. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ശ്രീ. ആര്യാടൻമുഹമ്മദ് തൊഴിൽവകുപ്പു മന്ത്രിയായിരിക്കുമ്പോൾ മൂന്നു കൊല്ലം കഴിഞ്ഞപ്പോൾ ഉടനെതന്നെ ശമ്പള വർദ്ധനവ് സംബന്ധിച്ച് നോട്ടിഫിക്കേഷൻ ഇറക്കി. അത് റിട്രോസ്പെക്റ്റീവ് ഇഫക്ടോടുകൂടി കൊടുക്കാൻവേണ്ട തീരുമാനം അന്നത്തെ ഗവണ്മെന്റ് എടുത്തു. എന്നാൽ ഈ ഗവണ്മെന്റ് വന്നതിനുശേഷം നാലുകൊല്ലക്കാലമാകാൻ പോകുന്നു, എന്നിട്ടും ഇതേവരെ തോട്ടംമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചുകൊടുക്കുന്ന കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞില്ല. അതുകൊണ്ട് മുൻഗവണ്മെന്റിന്റെ കാലത്ത് ഇറക്കിയ നോട്ടിഫിക്കേഷൻപോലെതന്നെ ഈ ഗവണ്മെന്റും തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ച് മുൻകാലപ്രാബല്യത്തോടെ അത് നടപ്പിലാക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, തോട്ടംമേഖലയിലെ തൊഴിലാളികളുടെ കൂലി പുതുക്കിനിശ്ചയിക്കുന്നതിനുള്ള സമയമായി. അതിനെ സംബന്ധിച്ച് ചർച്ച ആരംഭിച്ചുകഴിഞ്ഞു. മൂന്നോ നാലോ തവണ പി.എൽ.സി. കൂടിയാണ് സാധാരണഗതിയിൽ ശമ്പളവർദ്ധനവിനെ സംബന്ധിച്ച തീരുമാനമെടുക്കുന്നത്. പി.എൽ.സി. അതിനായി വേണ്ട ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വരുന്ന ജൂലായ്മാസം മൂന്നാംതീയതി പി.എൽ.സി.യുടെ യോഗം കൂടുന്നുണ്ട്. ഇതിനുമുമ്പ് കൂടിയ യോഗത്തിൽവച്ച് കുറച്ച് കാര്യങ്ങളിൽ ധാരണയിലെത്തിയിട്ടുണ്ട്. മിക്കവാറും ജൂലായ് 3-ാം തീയതി കൂടുന്ന പി.എൽ.സി.യുടെ യോഗത്തിൽവച്ച് ഇതുസംബന്ധിച്ച് തീരുമാനമുണ്ടാക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ആർ. ലതാദേവി : സർ, പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ പലതും കൃത്രിമ രേഖകളുണ്ടാക്കി രജിസ്ട്രേഷൻ നടത്തുന്ന അവസ്ഥയുണ്ട്. അതുകൊണ്ടുതന്നെ രജിസ്റ്റർ ചെയ്ത തോട്ടങ്ങളുടെ എണ്ണം രജിസ്റ്റർ ചെയ്യാത്ത തോട്ടങ്ങളുടെ എണ്ണത്തേക്കാൾ വളരെക്കുറവാണ്. ഇക്കാര്യം വിശ്വാസയോഗ്യമായിട്ടുള്ള കേന്ദ്രങ്ങളിൽനിന്നും അറിയുവാൻ സാധിച്ചിട്ടുള്ളതാണ്. ഇതാണ് വസ്തുത എന്നിരിക്കെ ഈ കുറവ് പരിഹരിക്കുന്നതിന് സമയബന്ധിതമായിട്ട് ഇതുവരെ രജിസ്റ്റർ ചെയ്യപ്പെടാത്ത പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരാവുന്ന മുഴുവൻതോട്ടങ്ങളും രജിസ്റ്റർ ചെയ്യിക്കുന്നതിനുവേണ്ടി ഗവണ്മെന്റ് എന്തുപദ്ധതിയാണ് നടപ്പാക്കാൻ പോകുന്നതെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതിന് ഈ നിയമത്തിനകത്തുള്ള അഞ്ചുഹെക്ടറിന് മുകളിലുള്ള തോട്ടങ്ങളെ മുഴുവൻ പ്ലാന്റേഷൻ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും അതു കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനും തൊഴിലാളികൾക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കുന്നുണ്ടോ ഇല്ലയോ എന്നു പരിശോധിക്കാനും ലേബർ ഡിപ്പാർട്ടുമെന്റ് അതിന്റെ ഒരു ഉദ്യോഗസ്ഥനെത്തന്നെ, പ്രത്യേകമായി ഒരുദ്യോഗസ്ഥനല്ല, അതിന് ഒരു പ്രത്യേക വിങ്ങ് തന്നെ നിയമിച്ചിട്ടുണ്ട്. അവർ കാലാകാലങ്ങളിൽ അതിനുവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. എവിടെയെങ്കിലും തൊഴിലാളികൾക്കു കിട്ടേണ്ട ന്യായമായ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ലെന്നു തൊഴിലാളികളുടെ യൂണിയനുകളിൽ നിന്നു പരാതി കിട്ടിയാൽ അതിൽ പെട്ടെന്നു തീരുമാനമുണ്ടാക്കുന്നതിനായി അടിയന്തിരമായി കോൺഫറൻസ് കൂടി അക്കാര്യത്തിൽ വേണ്ട പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്.

2 (*92) വെള്ളപ്പൊക്കക്കെടുതികൾ നിയന്ത്രിക്കാൻ നടപടി

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. എ. കണാരൻ :

ശ്രീ. എൻ. ആർ. ബാലൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കത്തിന്റെ രൂക്ഷത കുറയ്ക്കുന്നതിനും വെള്ളപ്പൊക്കകെടുതികൾ നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് എന്തെങ്കിലും പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിലുള്ള തീരദേശ സംരക്ഷണ നിയമത്തിന്റെ പശ്ചാത്തലത്തിൽ കടലാക്രമണ നിരോധന പ്രവർത്തനങ്ങളെ സംബന്ധിച്ച് പുതിയ കാഴ്ചപ്പാട് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് തീരുമാനം എന്തെങ്കിലും എടുത്തിട്ടുണ്ടോ;

(ഇ) ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കടലാക്രമണ നിരോധന പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly